# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1984 — 05/10/2016 -ൽ മറുപടിക്ക്

## കുടിവെള്ള പ്രശ്നം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഒ.രാജഗോപാൽ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിട്ടിട്ടും സർക്കാർ തലത്തിൽ വേണ്ടത്ര നടപടികൾ സ്വീകരിക്കാതിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജൈക്ക, ജൻറം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ പൈപ്പുകൾ സ്ഥാപിച്ച് അരുവിക്കരയിലുള്ള 74 എം. എൽ. ഡി. ശുദ്ധീകരണശാലയിൽ നിന്നും ജലം എത്തിക്കുന്നതിനുള്ള പണികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക)യുടെ ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ? | (ബി) ജൈക്ക പദ്ധതിയുടെ കീഴിൽ നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പി.ടി.പി. മുതൽ കുഞ്ചാലുംമൂട് ശാസ്ത്രിനഗർ വരെ മെയിൻ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. മെയിൻ പൈപ്പ് ലൈനിൽ നിന്നും ബ്രാഞ്ച് റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനുകളിലേക്കുള്ള കുടിവെള്ളം എത്തിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/